(എ) എഞ്ചിനീയറിംഗ് പഠനത്തിന് കെമിസ്ട്രി പഠിക്കേണ്ട ആവശ്യമില്ലെന്ന് എ. ഐ. സി. ടി. ഇ. അറിയിച്ചിട്ടുണ്ടോ ;

(ബി) +2 പരീക്ഷ വിജയിച്ചവർക്കെല്ലാം എൻട്രൻസ് പരീക്ഷയ്ക്കിരിക്കാമെന്ന് എ. ഐ. സി. ടി. ഇ. അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ എൻട്രൻസ് എക്സാമിനേഷന് ഇക്കാര്യം ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിർബന്ധ വിഷയമായി പ്ളസ്ടു തലത്തിൽ കെമിസ്ട്രി പഠിക്കേണ്ടതില്ലെന്നു 16-2-2004-ലെ എ. ഐ. സി. ടി. ഇ. റഗുലേഷൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ നിർബന്ധമായും പഠിച്ച് കെമിസ്ട്രി, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, ബയോളജി എന്നിവയിൽ ഏതെങ്കിലും ഒരു വിഷയം പഠിച്ച് പളസ്ടു പരീക്ഷ പാസ്സായവർ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ് പ്രവേശനത്തിന് യോഗ്യരാണെന്ന് എ. ഐ. സി. ടി. ഇ. റെഗുലേഷൻസിൽ വ്യവസ്ഥ ചെയ്യുന്നു.

(സി) 2005-ലെ പ്രവേശനത്തിന് ഇതു ബാധകമാക്കിയിട്ടില്ല.

(ഡി) കേരളത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പഠനത്തിനുള്ള യോഗ്യത തീരുമാനിക്കുന്നത് ഈ കോഴ്സുകൾ നടത്തുന്ന യൂണിവേഴ്സിറ്റികളാണ്. യൂണിവേഴ്സിറ്റികൾ നിർണ്ണയിച്ചിരിക്കുന്ന ഒരു പൊതുയോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവേശനം നടത്തുന്നത്. എ. ഐ. സി. ടി. ഇ. യുടെ പുതിയ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതാ മാനദണ്ഡം കേരളത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ബാധകമാക്കണമോ എന്ന കാര്യം യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശന മാനദണ്ഡം

133 [732] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയിട്ടുണ്ട് ; ഇതിൽ ഓരോ കാറ്റഗറിയുടേയും വിശദാംശം വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എല്ലാം കൂടി എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ മാനേജ്മെന്റ്, എൻ. ആർ. എ. എന്നീ സീറ്റുകളിൽ പ്രവേശനം ലഭിച്ചവരെത്ര ;

(ഇ) മൊത്തം സീറ്റിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് എത്ര സീറ്റ് ലഭിച്ചുവെന്ന് വിശദമാക്കാമോ ; ഇതിൽ മെരിറ്റ് സീറ്റിൽ എത്ര ; മാനേജ്മെന്റ് സീറ്റിൽ എത്ര ;

(എഫ്) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിൽ മെറിറ്റ് സീറ്റിൽ പ്രവേശം ലഭിച്ച വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ വല്ല ആനുകൂല്യവും നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്ത് ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 മേയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തുടങ്ങിയ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം അനുബന്ധം 1-ആയി ചേർക്കുന്നു †.

(ബി) വിശദവിവരം അനുബന്ധം II-ാം ആയി ചേർക്കുന്നു †.

(സി) വിശദവിവരം അനുബന്ധം III-ാം ആയി ചേർക്കുന്നു.

(ഡി) എൻ. ആർ. എ. സീറ്റുകളിൽ പ്രവേശനം ലഭിച്ച എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2001-02—117

2002-03—102

2003-04—85

മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മെരിറ്റ് സീറ്റുകളിൽ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിക്കുന്ന വിശദാംശം അനുബന്ധം IV-ായി† ചേർക്കുന്നു. മാനേജ്മെന്റ് സീറ്റിൽ അലോട്ട്മെന്റ് ലഭിച്ച എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) 2004-05 വർഷത്തിൽ, എൽ. ബി. എസ്. സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ, ഐ.എച്ച്.ആർ.ഡി., കെ.എസ്.ആർ.ടി.സി. എന്നിവയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച, ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കേരളീയരായ കുടുംബങ്ങളിലെ കുട്ടികൾക്ക് സർക്കാർ കോളേജിലെ ഫീസ് നൽകിയാൽ മതി എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly